WEDNESDAY

20/08/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/08/2025

1. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രീയമായി തയ്യാറാക്കിയ ഗുണമേന്മയുള്ള നല്ലയിനം പന്നിയൂർ 1 കുരുമുളക് തൈകൾ,WCTതെങ്ങിൻതൈകൾ, മത്തൻ, കുമ്പളം, പയർ, വെണ്ട, കുറ്റിപ്പയർ, ചീര, വെള്ളരി, തണ്ണിമത്തൻ എന്നീ പച്ചക്കറി വിത്തുകളും വിൽപ്പനകേന്ദ്രത്തില് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0466-2214123 എന്ന ഫോൺ നമ്പറില് ബന്ധപ്പെടുക.

2. മണ്ണുത്തി കേരള കാർഷിക സർവ്വകലാശാലക്കു കീഴിലുള്ള കാലാവസ്ഥ വ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിവിധ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ഓഗസ്റ്റ് 18 മുതൽ 23 വരെ 10:30– 4 മണി വരെ കാർഷിക സർവ്വകലാശാല, തൃശ്ശൂർ വെള്ളാനിക്കരയിലെ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വെച്ച് നടത്തുന്നു. ഡിഗ്രി കോഴ്സുകളായ ബി. എസ്. സി– എം. എസ്. സി (ഇന്റഗ്രേറ്റഡ് ) ബയോളജി, മൈക്രോബയോളജി , പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകളായ കാലാവസ്ഥ ശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം, സമുദ്ര -അന്തരീക്ഷ ശാസ്ത്രം, വൈൽഡ് ലൈഫ് മാനേജ്മന്റ് തുടങ്ങിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നു. വെബ് സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്തവർക്കും പ്രവേശനം നേടാനാകും. അസ്സൽ സർട്ടിഫിക്കറ്റുകളുമായി വിദ്യാർത്ഥികൾ നേരിട്ട് അഡ്മിഷൻ എടുക്കാൻ എത്തണമെന്ന് അറിയിക്കുന്നു. വിളിക്കേണ്ട നമ്പറുകൾ 8848296719, 9400824393. കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കുക https://www.kau.in/academic-notifications/32251

3. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള തൃശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗത്തിൽ നടത്തിവരുന്ന പിജി ഡിപ്ലോമ ഇൻ ന്യൂട്രിഷൻ ആൻഡ് ഡയറ്ററ്റിക്സ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്നവർ 9495668850, 9895451346 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. അടിസ്ഥാന യോഗ്യത BSc ബിരുദം.

4. കാട്ടാക്കട അമ്പലത്തിൻകാല സരസ്വതി വിലാസം ഗ്രന്ഥശാലയുടെ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം നേതൃത്വം നല്കുന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരകർഷക സെമിനാർ ഇന്ന് (20/08/2025 ന്) രാവിലെ 10 മണി മുതൽ അമ്പലത്തിൻകാല സരസ്വതി വിലാസം ഗ്രന്ഥശാല ഹാളിൽ വച്ച നടക്കുന്നു. താല്പര്യമുള്ള ക്ഷീരകർഷകർ 9447863474 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

1. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "കാട വളർത്തൽ" എന്ന വിഷയത്തിൽ 21/08/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491–2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിൽ 2025 ആഗസ്റ്റ് 23ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസ് 300/- രൂപ. താൽപര്യമുള്ളവര് 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റര് ചെയ്യാവുന്നതാണ്.

3. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ശാസ്ത്രീയ ആട്ടുവളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. 2025 ആഗസ്റ്റ് 23 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെയാണ് പരിശീലനം പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-296 2296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 27.08.2025 ന് കന്നുകാലിഫാമുകളിലെ ജൈവമാലിന്യ സംസ്കരണം (കമ്പോസ്റ്റ്, ചാണകത്തിൽ നിന്നുമുള്ള വളങ്ങളുടെ നിർമ്മാണം) എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വനിതകൾ താഴെ പറയുന്ന ഫോൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നമ്പറിൽ ഓഫീസ് സമയങ്ങളിൽ **25.08.2025** ന് മുമ്പായി എന്നീ ഫോൺ നമ്പറുകളിൽ 0487-2370773, 8547070773 ബന്ധപ്പെടുക.

5. റബ്ബർബോർഡിലെ റബ്ബർ പ്രൊഡക്ഷൻ ഡിപ്പാർട്ട്മെൻറ് വടക്കുകിഴക്കൻ മേഖലകളിലേക്ക് പരമ്പരാഗത, പാരമ്പര്യേതര, 'ടാപ്പിങ് ഇൻസ്ട്രക്ടർ'മാരെ താൽകാലികാടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷ/അഭിമുഖം വഴി നിയമിക്കുന്നു. അപേക്ഷകർ എട്ടാം ക്ലാസ് പാസ്സായവരും റബ്ബർബോർഡിന്റെ ടാപ്പിങ് സ്കിൽ ഡെവലപ്പ്മെന്റ് സ്കൂളിൽ നിന്നും 30 ദിവസത്തെ ടാപ്പിങ്ട്രെയിനിങ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് ഉള്ളവരും റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ നിന്നും രണ്ടുവർഷത്തെ ടാപ്പിങ് പ്രവർത്തിപരിചയസർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. അപേക്ഷകർക്ക് 2025 ഓഗസ്റ്റ് 01- ന് കുറഞ്ഞത് 20 വയസ്സ് പ്രായമുണ്ടായിരിക്കണം. താൽപര്യമുള്ളവർ അതത് റബ്ബർബോർഡ് റീജിയണൽ ഓഫീസിലെ ഓഫീസർ- ഇൻ ചാർജ് -ന് നിശ്ചിത ഫോറത്തിൽ 2025 ഓഗസ്റ്റ് 22-ാം തീയതിക്കകം അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോമുകൾ റബ്ബർബോർഡ് ഓഫീസുകളിൽനിന്ന് ലഭിക്കും. റബ്ബർബോർഡ് വെബ്സൈറ്റിൽ നിന്ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡൗൺലോഡ് ചെയ്ത ഫോമുകളും ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

**കാർഷിക നിർദേശം**

1. മഴക്കാലമായതിനാൽ വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാവാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിൽ നല്ലവിധം ഇറങ്ങിച്ചെല്ലത്തക്കവിധം പശ ചേർത്ത് തളിച്ച് കൊടുക്കാവുന്നതാണ്. ഇലപ്പുള്ളി രോഗത്തിന്റെ ലക്ഷണം കണ്ടാലുടൻ രോഗം കൂടുതലുള്ള ഇലകൾ മുറിച്ച് മാറ്റി നശിപ്പിക്കുന്നത് രോഗം പടരാതിരിക്കാൻ സഹായിക്കും. പിന്നീട് സ്യൂഡോമോണാസ്, 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ രണ്ടു ഭാഗത്തും വീഴത്തക്കവണ്ണം തളിക്കണം. രോഗം രൂക്ഷമാണെങ്കിൽ രോഗബാധയേറ്റ ഇലകൾ വെട്ടി മാറ്റിയശേഷം ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം അല്ലെങ്കിൽ ഹെക്സാകൊണാസോൾ എന്ന കുമിൾ നാശിനി 2 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയത്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയിലേതെങ്കിലും ഒന്ന് ഇലയുടെ രണ്ടു വശത്തും വീഴത്തക്കവണ്ണം തളിച്ചു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം